**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2147** **11-10-2021 - ൽ മറുപടിയ്ക്ക്**

**ബി. എസ്.എൽ 3 ലാബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ബി.എസ്.എൽ. മൂന്ന് ലാബുകൾ സംസ്ഥാനത്ത് സമയബന്ധിതമായി സജ്ജമാക്കുന്നതിന് നടപടി സ്വീകരിയ്ക്കാത്തതിനാലാണ് ഇത്തവണയും നിപ്പ വൈറസ് പരിശോധനയ്ക്ക് അന്യസംസ്ഥാന ലാബുകളെ ആശ്രയിക്കേണ്ടി വന്നതെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അടിയന്തര പ്രാധാന്യത്തോടെ സജ്ജമാക്കേണ്ടിയിരുന്ന ലാബ് സൗകര്യം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പോലുള്ള സ്ഥാപനത്തിൽ, അതീവ ഗുരുതര വൈറസുകളുടെ രോഗനിർണയവും ഗവേഷണവും സാധ്യമാകുന്ന ബി എസ് എൽ 3 ലബോറട്ടറികളുടെ നിർമ്മാണത്തിന് മുൻപ് പ്രവർത്തന സജ്ജമാകേണ്ട അനുബന്ധ ലബോറട്ടറികളുടെ നിർമ്മാണത്തിനും മറ്റ് അത്യാധുനിക ഉപകരണങ്ങളുടെ വാങ്ങൽ നടപടികൾക്കും മുൻഗണന നൽകേണ്ടതുണ്ട്. ഇക്കാലയളവിൽ, ആയതിനാണ് പ്രാമുഖ്യം നൽകിയത്. ഇത്തരം ലബോറട്ടറികളുടെ നടത്തിപ്പിലും വൈറസ് ഗവേഷണത്തിലും വൈദഗ്ധ്യം നേടിയ ശാസ്ത്രജ്ഞരുടെ നിയമന നടപടികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ ലബോറട്ടറികളുടെ നിർമ്മാണം അതീവ സൂക്ഷ്മതയോടെയും സാങ്കേതികതികവോടെയും കൃത്യമായ ആസൂത്രണത്തോടെയും പൂർത്തീകരിക്കുന്നതിനായി ഈ മേഖലയിൽ പ്രവർത്തിപരിചയവും സാങ്കേതിക വൈദഗ്ധ്യവുമുള്ള സ്ഥാപനങ്ങളിൽ നിന്നും താല്പര്യ പത്രം ക്ഷണിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ലാബിൽ പ്രവർത്തിക്കുന്നവരുടെയും സമീപ വാസികളുടെയും സുരക്ഷ ഉറപ്പ് വരുത്തേണ്ടതിനു ബന്ധപ്പെട്ട ഏജൻസികൾ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് പ്രസ്തുത ലബോറട്ടറികളുടെ നിർമ്മാണം വിഭാവനം ചെയ്യുന്നത്. കൂടാതെ നിപ മുതലായ അതീവ ഗുരുതര സ്വഭാവമുള്ള വൈറസുകളുടെ നിർണയത്തിന് ഔദ്യോഗിക സ്ഥിരീകരണം നൽകുന്നതിന് ഐ.സി.എം.ആർ പോലുള്ള ദേശീയ ഏജൻസികളുടെ അനുമതിയും നേടേണ്ടതുണ്ട്. ലാബ് നിർമാണത്തിൽ അനിവാര്യമായ ഈ ഘടകങ്ങളുടെ ഏകോപനത്തിനും സജീകരണത്തിനുമാണു സമയം |

| | | | |
|---|---|---|---|
| | | | ചെലവായത്. അല്ലാതെ ലാബ് സൗകര്യം ഒരുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. |
| (ബി) | കോഴിക്കോട് മൈക്രോബയോളജി ലാബിലും തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിലും അനുവദിച്ച ഈ സംവിധാനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പരിശോധനാ സംവിധാനം എപ്പോൾ സജ്ജമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | കോഴിക്കോട് മൈക്രോബയോളജി ലാബിന് ബി.എസ്.എൽ - 3 ലാബ് നിർമ്മിക്കാനുള്ള അനുവാദം ഡിസംബർ 2019 ന് ലഭിക്കുകയുണ്ടായി. PWD ബി.എസ്.എൽ. - 3 ലാബ് നിർമ്മാണത്തിൽ കാര്യക്ഷമമല്ല എന്നറിയിച്ചതിനെ തുടർന്ന് CPWD യുമായി പ്രിൻസിപ്പാൾ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. തുടർന്ന് കൺസൾട്ടന്റിനെ നിയമിക്കുകയും പ്രവർത്തികൾക്കായുള്ള ടെണ്ടർ വിളിക്കുകയും കരാറുകാരനെ നിശ്ചയിക്കുകയും August 2021-ൽ construction work ആരംഭിക്കുകയും ആയത് പുരോഗമിച്ചു വരികയും ചെയ്യുന്നു. കോവിഡ് മഹാമാരിയും അതേതുടർന്നുള്ള ലോക്ക്ഡൗണുകളും പ്രവർത്തനം കുറച്ച് വൈകിപ്പിക്കുകയുണ്ടായി. ഗവേഷണ ലബോറട്ടറികൾ പൂർണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു. ആയതിനാവശ്യമായ ഇരുപത് ഉപകരണങ്ങൾ, അനുബന്ധ സാമഗ്രികൾ, കെമിക്കലുകൾ തുടങ്ങിയവ വാങ്ങുകയും സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറിയുടെ പ്രവർത്തനം ഐ.സി.എം.ആർ മാനദണ്ഡങ്ങൾക്ക് വിധേയമായി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. നിപ, എബോള തുടങ്ങിയ അതീവ ഗുരുതര വൈറസുകളുടെ രോഗനിർണ്ണയത്തിനും ഗവേഷണത്തിനും പര്യാപ്തമായ Biosafety ലെവൽ 3 നിലവാരത്തിലുള്ള ലബോറട്ടറിയുടെ നിർമ്മാണം അതീവ സൂക്ഷ്മതയോടെയും സാങ്കേതികതികവോടെയും കൃത്യമായ ആസൂത്രണത്തോടെയും പൂർത്തീകരിക്കുന്നതിനായി ഈ മേഖലയിൽ പ്രവൃത്തി പരിചയവും സാങ്കേതിക വൈദഗ്ധ്യവുമുള്ള സ്ഥാപനങ്ങളിൽ നിന്നും താല്പര്യ പത്രം ക്ഷണിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൊറോണ വൈറസിന്റെ പലതരം പ്രാദേശിക വകഭേദങ്ങളുടെ ജനിതക ഘടന മനസ്സിലാക്കി ഡാറ്റ ബാങ്ക് തയ്യാറാക്കുന്നതിലേയ്ക്ക് അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും വൈറസ് അനുബന്ധ രോഗ ഗവേഷണത്തിൽ വൈദഗ്ധ്യവുമുള്ള സ്ഥാപനങ്ങളുമായി സംയുക്ത ഗവേഷണ പദ്ധതികൾക്കുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ഡയറക്ടർ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്, സയന്റിസ്റ്റ്-E2, സയന്റിസ്റ്റ് -സി എന്നീ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. സാങ്കേതിക വിഭാഗത്തിലെ ടെക്നിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ നിയമനങ്ങൾ അന്തിമഘട്ടത്തിലാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ അംഗീകാരമുള്ള ഗവേഷണ കേന്ദ്രമാകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ